# CENTRAL BOARD OF SECONDARY EDUCATION MARCH - 2023

**SAMPLE QUESTION PAPER FOR AISSE 2023 ANSWER KEY**
**(മാതൃകാ ചോദ്യപേപ്പർ – 2022– 23- ) ഉത്തരസൂചിക.**

**STD : X** **MALAYALAM (മലയാളം) Code : 012**

**Time allowed : 3 Hrs.** **Maximum Mark : 80**

**അനുവദിച്ച സമയം : 3 മണിക്കൂർ** **ആകെ മാർക്ക് : 80**

## എ വിഭാഗം / SECTION A

**1.** അവധാരണം ഗദ്യം:-ശരിയുത്തരങ്ങൾ. (ഏതെങ്കിലും എട്ടെണ്ണം മതി) (8x1=8)

(a). 4. ഗുരുത്വകേന്ദ്രത്തിന്റെ

(b). 1. അനുഭവരസത്തിന്.

(c). 2. അവതാരിക.

(d). 2. ശകുന്തളയുടെ മോതിരം കളഞ്ഞത്.

(e). 1. നാടകങ്ങളിൽ.

(f). 3. മർമ്മം.

(g). 4. കൽപ്പിതം.

(h). 2. പരിണാമഗുപ്തി.

(i). 2. ജിജ്ഞാസ.

(j). 4. അനുഭവരസത്തെ

(k). 1. മർമ്മം.

2. ശരിയുത്തരങ്ങൾ (ഏതെങ്കിലും എട്ടെണ്ണം മാത്രം മതി) (8x1=8)

(a). (iii). പുമാനിനി.

(b). (ii). ഭേഷജം.

c). (ii). വിസ്മൃതി.

(d). (i). സർപ്പം - ഭൂമി.

(e). (i). ശൈശവത്തിലെ കഥ.

f). (iv). ശപഥം

(g). (iii). ദേഹോഹം

(h). (ii). പൂജാരി

(i). (iii). കരി + പന.

(j). (ii). ശസ്ത്രവ്യാധിക്ഷുധങ്ങൾ

(c).

(i). 3. ജയിലിൽ നിന്ന് കണ്ടുണ്ണിയെ കണ്ട് മടങ്ങുമ്പോൾ

(ii). 2. മകനെ ഇനി കാണാനാവില്ല എന്ന തിരിച്ചറിവ്.

(iii). 2. മരിച്ച ആളോടുള്ള ആദരവ്.

(iv). 1. ചെറുകഥ.

(d).

(i). 3. ഭാര്യ ഭർത്താവിനെ.

(ii) 3. അമ്മയെ ഉപേക്ഷിക്കാത്തതിന്.

(iii) 4. കോവിലിനുമുന്നിൽ നിന്ന്.

(iv). 1. തന്നെക്കുറിച്ചുള്ള അവജ്ഞ.

(e).

(i). 3. പുള്ളുവൻ

(ii). 3. മഹാബലിമന്നനെ.

(iii). 4. പുള്ളുവന്റെ.

(iv). 2. പരിഷ്കാരികൾ.

## ബി വിഭാഗം / **SECTION B**

**5. (a). പ്രയോഗം മാറ്റുക. 2x1=2**

(i) അപ്പോൾ അയാൾ ചുറ്റുപാടുമുള്ള യാത്രക്കാരാൽ ആദരവോടെ നോക്കപ്പെട്ടു.

(ii) ദ്രൗപദിയുടെ മക്കളെയും ധൃഷ്ടദ്യുമ്നനെയും പാഞ്ചാലൻമാരെയുമൊക്കെ കൊന്നു.

**(b). അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. 2x1=2**

(i). മയക്കം പോകാതെ പരിഭ്രമിച്ചിരുന്ന - അംഗവാക്യം

ധൃഷ്ടദ്യുമ്നന് അനങ്ങാൻ കഴിഞ്ഞില്ല. - അംഗിവാക്യം

(ii). ഇരുണ്ടു തുടങ്ങുന്ന - അംഗവാക്യം

കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു. - അംഗിവാക്യം.

**(c). വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2x1=2**

(i). മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി **അതിശയത്തോടെ /അത്ഭുതപ്പെട്ടു** നിന്ന മകനെ വെള്ളായിയപ്പൻ ഓർത്തു.

(**അതിശയത്തോടെ നിന്ന /അത്ഭുതപ്പെട്ടുനിന്ന -** ഏതെങ്കിലും ഒന്നു മതി

(ii). രാജാവിന്റെ വിലാപം കേട്ട **ജനസഹസ്രങ്ങൾ / ആയിരക്കണക്കിന് ജനങ്ങൾ** കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.

(**'ആയിരക്കണക്കിന്' / 'സഹസ്ര'** ഇവയിൽ ഒന്ന് ഉപേക്ഷിച്ച് **ജനസഹസ്രങ്ങൾ എന്നോ ആയിരക്കണക്കിന് ജനങ്ങൾ** എന്നോ മാറ്റിയെഴുതണം.)

(d).അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക. 2x1=2

(i). അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയാതിരിക്കുന്നില്ല.

('അടയാതിരുന്നില്ല'- എന്ന ഭൂതകാലപ്രയോഗത്തിന് മാർക്ക് നൽകരുത്)

(ii). അയാളുടെ കയ്യിൽ ഒരു കടലാസുപൊതി ഇല്ലാതിരുന്നില്ല.
(ഉണ്ടാകാതിരുന്നില്ല ഭാഷയുടെ സ്വാഭാവികരീതിയല്ലാത്തതിനാൽ ഫുൾമാർക്ക് നൽകരുത്. ഉണ്ടായിരുന്നില്ലാതില്ല എന്നിങ്ങനെയുള്ള പ്രയോഗങ്ങൾക്ക് മാർക്ക് നൽകരുത്)

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക.** 2x1=2

(i). മെനക്കെടുത്തുക. (ii) തൊണ്ടയിടറി. (iii) ദുഃഖസഞ്ചാരം.

**(**ആശയം വ്യക്തമാക്കിയിട്ടുള്ള സ്വന്തമായി നിർമ്മിച്ച വാക്യത്തിന് മുഴുവൻ മാർക്കു കൊടുക്കാം**. പാഠപുസ്തകത്തിലെ വാക്യം സ്വീകാര്യമല്ല )**

**6. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്കുവീതം. (3x5=15)**

(a).ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

ഉപന്യാസമാതൃക. 2 മാർക്ക്. അവതരണം 3 മാർക്ക്

ആമുഖം, വിഷയം ഉൾക്കൊണ്ടുള്ള അവതരണം, ഉള്ളടക്കം, ആശയം, ഭാഷാശൈലി, അവതരണരീതി, ഖണ്ഡികാകരണം, ഉപസംഹാരം.

(i). വാർത്താമാധ്യമങ്ങളും വിദ്യാർത്ഥികളും.

ആമുഖം- വാർത്താമാധ്യമങ്ങളുടെ പ്രാധാന്യം-വിവിധതരം മാധ്യമങ്ങൾ- നീതി പൂർവമായ മാധ്യമപ്രവർത്തനം - ഇന്റർനെറ്റ് സ്വധീനം വിദ്യാഭ്യാസത്തിൽ - പഠനം, ബിസിനസ്, ഷോപ്പിംഗ്, ബാങ്കിംഗ് എന്നുവേണ്ട എല്ലാത്തിനും മാധ്യമ ങ്ങൾ ആവശ്യം - ഓൺലൈൻപഠനം - ആധികാരികതയ്ക്ക് ആശ്രയം ഗൂഗിൾ-സ്വഭാവപരിവർത്തനങ്ങൾ സങ്കീർണ്ണപ്രശ്നങ്ങളിലെത്തിക്കാം-വഴിതെറ്റിക്കുന്ന കെണികൾ -സൈബർ കുറ്റകൃത്യങ്ങൾ-കുട്ടികളുടെ വിവേചനബുദ്ധിയും രക്ഷി താക്കളുടെ നിയന്ത്രണവും അനിവാര്യം- ഉപസംഹാരം.

നിൽക്കുന്ന വികാരങ്ങൾ സംഭാഷണങ്ങളിലൂടെ അവതരിപ്പിക്കാതെ സംഭാഷണ ങ്ങൾക്കിടയിൽ സൃഷ്ടിച്ചെടുക്കുന്ന മൗനങ്ങളിലൂടെ ആവിഷ്കരിക്കുന്ന രചനാ തന്ത്രം -കഥയിൽ മൗനങ്ങളിലൂടെ കഥപറയുന്ന സന്ദർഭങ്ങൾ ഉദാഹരിക്കണം.

(ii). ആമുഖം.കർത്താവ്: ശ്രീ. കുട്ടിക്കൃഷ്ണമാരാർ

പാഠം:- യുദ്ധത്തിന്റെ പരിണാമം ( ഭാരതപര്യടനം.)

ആയിരത്താണ്ടുകളായി സർവ്വവ്യാധികളും പിടിച്ച് കൊടുംകാടുകളിൽ തെണ്ടിയ ലയുന്ന അശ്വത്ഥാമാവ് ഭഗവാൻവ്യാസനോടൊപ്പം മനുഷ്യമനസുകളിൽ-സ്നേഹം കൊണ്ട് ഒന്നായവരെപ്പോലും പരസ്പരം കലഹിപ്പിച്ച് കൊടിയ യുദ്ധത്തിലെ ത്തിക്കുന്ന പക-തന്റെ രത്നംപോയാലും എതിരാളിക്ക് മൂലോച്ഛേദം വരുത്തിയേ അടങ്ങൂ എന്ന വാശി-പക അതിന്റെ പ്രതിനിധിയായ അവനെ എപ്പോഴും കരു തിയിരുന്നുകൊള്ളണമെന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും സർവ്വവ്യാപിയായും കല്പിച്ചതിന് പിന്നിൽ.

**(b). ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.** **2** x 3 =6

(i). ആമുഖം. കർത്താവ്: തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.

പാഠം;- ലക്ഷ്മണസാന്ത്വനം. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.

അഭിഷേകവിഘ്നത്തിൽ കോപാന്ധനായ ലക്ഷ്മണന് രാമന്റെ ഉപദേശം-. രാജ്യം ദേഹം ധനം, ധാന്യം എന്നിവയൊക്കെ അനിത്യം. സുഖഭോഗങ്ങളും ക്ഷണികം. ധനം,ഐശ്വര്യം,യൗവനം ഒന്നും ശാശ്വതമല്ല.-ദേഹം പഞ്ചഭൂതാത്മകം.-അത് പരി ണാമിയും അസ്ഥിരവും.- ശരീരംകൊണ്ട് ആരും ഒന്നുംനേടുന്നില്ല.-ദേഹാഭിമാനം കാരണമുണ്ടായ മോഹംകൊണ്ട് നീ ലോകം നശിപ്പിക്കാൻ തുനിഞ്ഞത് അറിവി ല്ലായ്മ-ദേഹാഭിമാനികൾക്ക് എല്ലാ ദോഷങ്ങളും വന്നുഭവിക്കുന്നത് കോപത്താ ലാണ്.ദേഹമാണു ഞാനെന്ന ചിന്ത അവിദ്യ.ഞാൻ ആത്മാവാണ് എന്നചിന്ത വിദ്യ.-അവിദ്യ സംസാരദുഖത്തിന് കാരണം.വിദ്യ സംസാരനാശിനി. ക്രോധം ധർമ്മക്ഷയമുണ്ടാക്കും. മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ നീ കോപം ഉപേക്ഷിക്ക ണം എന്നിങ്ങനെയാണ് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നത്.

(ii). ആമുഖം. കർത്താവ്: ശ്രീ. റെഫീക്ക് അഹമ്മദ്. പാഠം;- അമ്മത്തൊട്ടിൽ

പട്ടണത്തിലെ ആളൊഴിഞ്ഞ മൂല- പെരുമാളിനെപ്പോലെ നിൽക്കുന്ന മാളിനടുത്തെ ഇരുട്ടിന്റെ മറവിൽ അമ്മയെ ഉപേക്ഷിക്കാൻ നോക്കുന്ന മകൻ- അമ്മത്തൊട്ടിൽ അനാഥരായ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ- ഇവിടെ വയോധികയും മരണാസന്ന യുമായ അമ്മയെ ഉപേക്ഷിക്കാൻ-കണ്ണുകൾ പീളകെട്ടി ഉണങ്ങിയ ചുള്ളിക്കമ്പു പോലെ ശുഷ്കിച്ച കൈകളോട് കൂടിയ അമ്മ- പെറ്റുകിടന്ന ഒരു തെരുവുപട്ടി കുരച്ചുചാടി.-.മാതൃത്വത്തിന്റെ രണ്ടു മുഖങ്ങൾ-അമ്മയെ ഉപേക്ഷിക്കാൻ കണ്ണും കാതും കൂർപ്പിച്ചു സാഹചര്യങ്ങളെ നിരീക്ഷിക്കുന്ന ഒരു മകൻ.-മക്കളെ സംര

ക്ഷിക്കാൻ കണ്ണുംകാതും കൂർപ്പിച്ചു സാഹചര്യങ്ങളെ നിരീക്ഷിക്കുന്ന ഒരമ്മ.-. ഒന്ന് സംസ്കാരസമ്പന്നനെന്നഭിമാനിക്കുന്ന മനുഷ്യൻ -മറ്റേത് ഒരു തെരുവ് പട്ടി. നമ്മുടെ കണ്ണുതുറപ്പിക്കാൻവേണ്ടി കവി സൃഷ്ടിച്ച സന്ദർഭം.-മകന്റെ നന്ദികേടിനെ സഹിക്കാൻ മൃഗത്തിന് പോലും ആവുന്നില്ല- കവിതയിലെ 'അമ്മ ഇതേപോലെ മക്കളെ സംരക്ഷിക്കാൻവേണ്ടി പൊരുതിയവളാണെന്നും ഈ ചിത്രം ഓർമ്മിപ്പി ക്കുന്നു. പട്ടിയുടെ കുര ആധുനിക മനുഷ്യന്റെ നന്ദികേടിനുള്ള താക്കീതാണ്. മൃഗ ങ്ങൾക്കു പോലും സഹിക്കാത്ത മൃഗീയതക്കുള്ള താക്കീത്.

(iii) ആമുഖം. കർത്താവ്: കുമാരനാശാൻ പാഠം :- പ്രിയദർശനം.

കൃതി:- നളിനി അഥവാ ഒരു സ്നേഹം

നളിനിയും ദിവാകരനും ബാല്യത്തിൽ കളിക്കൂട്ടുകാർ-വേർപെട്ട് വർഷങ്ങൾക്കു ശേഷം വീണ്ടും കണ്ടുമുട്ടുന്നു.-നളിനി സ്വയം പരിചയപ്പെടുത്തുന്നു.തന്നെ ഓർ ക്കാതിരുന്നതിൽ പരിഭവിക്കുന്നു.-തമ്മിലുണ്ടായിരുന്ന അഗാധബന്ധത്തെക്കു റിച്ചു പറയുമ്പോഴും താൻ നളിനിയാണ് എന്ന് ഓർമ്മിപ്പിക്കേണ്ടി വന്നത് ദുഖി തയാക്കി. ഇതിനോടുള്ള ദിവാകരന്റെ പ്രതികരണമാണ് സന്ദർഭം. –അന്നത്തെ നളിനിയും ദിവാകരനുമല്ല തങ്ങൾ-കണ്ടയുടനെ ഓർമ്മിക്കാതിരുന്നത് ചെറിയ കുട്ടിയായിരുന്ന നളിനി യുവതിയായി മാറിയതിനാൽ-നളിനിയുടെ അന്നത്തെ രൂപവും ശബ്ദവും ദൂരെയുള്ള വീടും ഒക്കെ ഓർമ്മയിലുണ്ട്.-അതൊക്കെ പൂർവാശ്രമത്തിൽ കഴിഞ്ഞകാര്യങ്ങൾ-അതൊക്കെ കഴിഞ്ഞുപോയി. -പ്രായവും മാറി.ലക്ഷ്യങ്ങളും മാറി.അറിവും വികസിച്ചു.ഇങ്ങനെ നളിനിയുടെ ചിന്തകൾ വഴിവിട്ടുപോകാതെ നേർവഴിക്കു നയിക്കാനുള്ള ശ്രമമാണിവിടെ.

**(c). ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക്** മാത്രം ഉത്തരമെഴുതുക. **2** x 3 =6

(i).കർത്താവ്:-രാജൻ തുവ്വാര. കൃതി:- ചട്ടമ്പി സ്വാമികൾ,ജീവിതവും സന്ദേശവും. ആടു കടിച്ചു നോക്കാത്ത ഇലകളില്ല,സ്വാമികൾ കൈവെച്ചു നോക്കാത്ത ശാസ്ത്ര മേഖലകളും.സംഗീതത്തിലും ചിത്രകലയിലും അഗാധജ്ഞാനം-ഗായകൻ മാത്രമല്ല ഗാനശാസ്ത്രജ്ഞനും-ഏത് സംഗീതോപകരണവും പ്രയോഗിക്കാൻകഴിവ്-വാദ്യോ പകരണങ്ങൾക്ക്പേരുനൽകി-തന്ത്രിവാദ്യങ്ങളേക്കാൾ തുകൽവാദ്യങ്ങളിഷ്ടം-ഹിന്ദു സ്ഥാനി,കർണാടകശൈലികളിൽ താല്പര്യം-കയ്യിൽ കുന്നിക്കുരുവെച്ചു ചെണ്ട വായിച്ചിരുന്നു-ഇടയ്ക്കയും,ഗഞ്ചിറയും കൈകാര്യം ചെയ്തു- പ്രശസ്ത ഗഞ്ചിറ വാദകരെ തോൽപ്പിച്ചു.-വിദ്വാൻ കണ്ടമാല 'സ്വാമിയവാൾ മുരുകൻതാൻ' എന്ന് പ്രശംസിച്ചു- സ്ത്രൈണത കലർന്ന ശബ്ദത്തിലായിരുന്നു പാട്ട്. ചിത്രമെഴുത്തിൽ സ്വാമികളുടെ പാണ്ഡിത്യത്തെപ്പറ്റി കെ.എം.വർഗ്ഗീസ് ലേഖനങ്ങളെഴുതി. മുകു ന്ദൻതമ്പിയുടെ ചിത്രങ്ങൾവിലയിരുത്തുന്നതിൽനിന്ന് സ്വാമികളുടെഅറിവ് മനസ്സി ലാക്കാം-ഈശ്വരചൈതന്യം സ്ഫുരിക്കുംവിധം ദേവീദേവന്മാരെ വരക്കുന്നതിലെ ആധ്യാത്മികചൈതന്യത്തെ പ്രകീർത്തിക്കുന്നത്.വർണ്ണവിന്യാസം,ഭാവം,ചൈതന്യം

എന്നിവയെപ്പറ്റി പണ്ഡിതോചിത വിലയിരുത്തൽ. ബംഗാളിചിത്രകല, പേർഷ്യൻ ചിത്രകലയുടെയും അജന്ത, എല്ലോറ ഗുഹാചിത്രങ്ങളുടെയും മിശ്രിതമാണെന്നും കേരളീയ ചിത്രകല ഇവയിൽനിന്ന് വ്യത്യസ്തമാണെന്നും അഭിപ്രായപ്പെട്ടു-രവി വർമ്മ ചിത്രങ്ങൾ കൂടുതൽ ശ്രേഷ്ഠമെന്ന് വിലയിരുത്തി.

(ii).കർത്താവ്:-രാജൻ തുവ്വാര.കൃതി:- ചട്ടമ്പി സ്വാമികൾ,ജീവിതവും സന്ദേശവും. ഒരാൾ ചെമ്പ് സ്വർണ്ണമാക്കിമാറ്റാനുള്ള വിദ്യയറിയാനായി സ്വാമികളുടെ സേവ കനായി അഭിനയിച്ചു.-സ്വാമികൾ ആ സഹായിക്കൊപ്പം അരൂക്കുറ്റി എന്ന സ്ഥല ത്തെത്തി-കൊതുമ്പുവള്ളത്തിൽ കായൽകടക്കുമ്പോൾ കാറ്റിലും കോളിലും വള്ളം മറിഞ്ഞു- സ്വാമികളും ശിഷ്യനും വെള്ളത്തിൽ വീണു-നീന്തലറിയാത്ത ശിഷ്യൻ വെള്ളം കുടിച്ചവശനായി -ആ അവസരത്തിൽ ചെമ്പ് സ്വർണ്ണമാക്കുന്നതിനുള്ള രാസപ്രക്രിയയെ പറഞ്ഞുകൊടുക്കാമെന്ന് സ്വാമികൾ- എങ്ങനെയെങ്കിലും കരയി ലെത്തിയാൽ മതിയെന്നായി സഹായി. സ്വാമികൾ അയാളെ താങ്ങിയെടുത്ത് കര യിലെത്തിച്ചു. പിന്നീടൊരിക്കലും അയാൾ ചെമ്പ് സ്വർണ്ണമാക്കുന്നതിനുള്ള വിദ്യ യെപ്പറ്റി ചോദിച്ചിട്ടില്ല.

(iii).കർത്താവ്:-രാജൻ തുവ്വാര. കൃതി:-ചട്ടമ്പി സ്വാമികൾ,ജീവിതവും സന്ദേശവും. തെക്കൻതിരുവിതാംകൂറിലെ പ്രശസ്തതന്ത്രിമാരായ കൂപക്കരപ്പോറ്റിമാരുടെ മഠ ത്തിൽ നിരവധി തന്ത്രഗ്രന്ഥങ്ങളുണ്ടെന്ന് മനസിലാക്കിയ സ്വാമികൾ മഠത്തിലെ കാര്യസ്ഥന്റെ സഹായത്തോടെ ഗ്രന്ഥങ്ങൾ പരിശോധിക്കുകയും വിവരങ്ങൾ കുറിച്ചെടുക്കുകയും ചെയ്തു.തന്ത്രിമാർ രഹസ്യമാക്കി വെച്ചിരുന്ന ക്ഷേത്രാനു ഷ്ഠാനവിധികളും ശ്രീഭൂതബലി, ഉത്സവബലി തുടങ്ങിയ കാര്യങ്ങളും സ്വാമികൾ മനസ്സിലാക്കി. വിവരമറിഞ്ഞ കൂപക്കരപ്പോറ്റി കുഞ്ഞൻപിള്ളയെ പരീക്ഷിക്കു വാനായി തന്ത്രസമുച്ചയത്തിലെ സങ്കീർണ്ണചോദ്യങ്ങൾ ചോദിച്ചു. കുഞ്ഞൻപിള്ള കൃത്യമായി ഉത്തരംനൽകി. അതിശയിച്ച കൂപക്കരപ്പോറ്റി 'ചട്ടമ്പിയല്ല വിദ്യാധി രാജൻതന്നെ' എന്ന്പറയുകയും അതുമുതൽ ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജൻ എന്ന പേര് വരികയും ചെയ്തു.

*********************